I/47918/2024

**കെ.ആർ.ഡബ്ല്യൂ.എസ്സ്.എ. മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിന് എക്സിക്യൂട്ടീവ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 15-02-2024 തീയതി ചേർന്ന അവലോകന യോഗത്തിന്റെ മിനിട്സ്.**

**സ്ഥലം = കോൺഫറൻസ് ഹാൾ പി.എം.യു. ഓഫീസ്, തിരുവനന്തപുരം**

**സമയം = 10.30 എ.എം = 5.00 പി.എം.**

**പങ്കെടുത്തവർ - പി.എം.യു. , ആർ.പി.എം.യു. ഉദ്യോഗസ്ഥർ (ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു)**

സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് KRWSA മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെയും ജലജീവൻ മിഷൻ പദ്ധതിയുടെയും RPMU തലത്തിലുള്ള പ്രവർത്തന പുരോഗതി, അനുബന്ധ വിഷയങ്ങൾ എന്നിവ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അധ്യക്ഷതയിൽ അവലോകനം ചെയ്തു. മൂന്ന് റീജിയണൽ യൂണിറ്റുകളിലെയും Physical progress, Financial progress എന്നിവ വിശദമായി വിലയിരുത്തിയ യോഗം താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു. (Physical progress, Financial progress എന്നിവ പ്രത്യേകം അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.)

**<u>തീരുമാനങ്ങൾ</u>**

- 2022 വരെയുള്ള പദ്ധതികളിൽ ഇടുക്കി RPMU വിൽ 2 പ്രവൃത്തികളും (ഒരു സ്കീമിന്റെ 2 വർഷത്തെ പ്രവൃത്തികൾ) മലപ്പുറം യൂണിറ്റിൽ 15 പ്രവൃത്തികളുമാണുള്ളത്. ഇതിൽ ഷോളയൂർ പഞ്ചായത്തിലെ 3 സ്കീമുകളിൽ നാളിതുവരെ പ്രവൃത്തികൾ തുടങ്ങിയിട്ടില്ല. ഈ സ്കീം ഏരിയ JJM കവറേജിൽ ഉൾപ്പെട്ടതാണെന്നു RPD അറിയിച്ചു. ഗ്രാമപഞ്ചായത്തിനെയും ഗുണഭോക്തൃസമിതിയെയും ടി വിവരം രേഖാമൂലം അറിയിച്ചു കൊണ്ട് 3 സ്കീമുകൾ drop ചെയ്യുവാൻ യോഗം നിർദേശിച്ചു. യാഥാർഥ്യ ബോധത്തോടെ മേൽ സ്കീമുകളുടെ completion പ്ലാൻ തയ്യാറാക്കി ജലനിധി വെബ് സൈറ്റിൽ 16-02-24നുള്ളിൽ പ്രസിദ്ധീകരിക്കുന്നതിനു RPDമാർക്ക് ED നിർദേശം നൽകി.
- ഒരു സ്കീമിന്റെ തന്നെ പ്രവൃത്തികൾ വിവിധ വർഷങ്ങളിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിന് പകരം സ്കീം പൂർണ്ണതോതിൽ functional ആക്കുവാനുള്ള പ്രവൃത്തികൾ ഒരു വർഷ പ്രോഗ്രാമ്മിൽ തന്നെ ഉൾപ്പെടുത്തി ചെയ്യണം. Genuine ആയ കാരണങ്ങളാൽ ഏതെങ്കിലും പ്രവൃത്തികൾ RPMU കൾ drop ചെയ്യുന്ന പക്ഷം ആയതു രേഖാമൂലം കാരണം സഹിതം അതാതു സമിതികൾ, ഗ്രാമപഞ്ചായത്ത് എന്നിവരെ അറിയിക്കേണ്ടതും ആയതിന്റെ documents RPMU കളിൽ സൂക്ഷിക്കേണ്ടതുമാണ്.
- സാമൂഹ്യ ഉടമസ്ഥതയിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കുടിവെള്ള വിതരണ പദ്ധതികളുടെ Functionality survey KRWSA ഘട്ടം ഘട്ടം ആയി നടത്തുന്നുണ്ട്. ജലനിധി പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകൾക്ക് മുൻഗണന നൽകി ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന സർവ്വേ എല്ലാ ജലനിധി പഞ്ചായത്തുകളിലും 2024 മാർച്ച് 31 നുള്ളിൽ പൂർത്തീകരിക്കണം. ഓരോ RPMU വിന് കീഴിലും ജലനിധി പഞ്ചായത്തുകളിലെ JJM കവറേജിൽ ഉൾപ്പെടാത്ത സ്കീമുകൾ സംബന്ധിച്ച വിവരവും RPD മാർ ലഭ്യമാക്കണം. SC/ST ഗുണഭോക്താക്കൾ 50%ത്തിൽ അധികം വരുന്ന സ്കീമുകൾ സംബന്ധിച്ച് മലപ്പുറം RPMU വിനു കീഴിലുള്ള പഞ്ചായത്തുകളിലെ Functionality സർവ്വേ 29-02-24നുള്ളിൽ പൂർത്തീകരിക്കും എന്ന് RPD ഉറപ്പു നൽകി.
- JJM കവറേജിൽ ഉൾപ്പെടാത്ത മേഖലയിലെ സ്കീമുകൾ മാത്രമേ സുസ്ഥിരത പദ്ധതി, Water quality mitigation measures എന്നിവ നടപ്പിലാക്കുന്നതിനുള്ള തുടർ വർഷങ്ങളിലെ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കാവൂ. ഇക്കാര്യം RPDമാർ ഉറപ്പാക്കണം. ആയത് certify ചെയ്തു വേണം RPDമാർ സ്കീമുകളുടെ പ്രൊപോസൽ PMU വിൽ സമർപ്പിക്കുവാൻ.
- 2023-24ലെ സുസ്ഥിരത പദ്ധതി നടപ്പിലാക്കുന്നതിന് കണ്ണൂർ RPMU നൽകിയ റിവൈസ്ഡ് പ്രൊപ്പോസലിന് PMUവിൽ നിന്നും അംഗീകാരം ലഭിക്കാത്തത് സംബന്ധിച്ച് ചർച്ച ചെയ്തു. ഓരോ സ്കീമിനും നിലവിലുള്ള ലിസ്റ്റിൽ നൽകിയിട്ടുള്ള ASതുകയിൽ അധികരിക്കാതെയും ടി Plan head-ൽ ആകെയുള്ള AS തുകയിൽ അധികരിക്കാതെയും പ്രവൃത്തികൾ നടപ്പിലാക്കുന്നതിനു യോഗം അനുമതി നൽകി. ഇക്കാര്യം രേഖാമൂലം RPMU -വിനെ അറിയിക്കുന്നതിനു Director Technical നെ ചുമതലപ്പെടുത്തി. KRWSA ക്ക് അനുവദിച്ചിട്ടുള്ള മുഴുവൻ Plan head-കളിലെയും എല്ലാ പ്രവൃത്തികൾക്കും 3 RPMU വിനും ഇത് ഒരുപോലെ ബാധകമായിരിക്കും.

- ഗാർഹിക കിണറുകളെ സുസ്ഥിര സ്രോതസ്സുകളാക്കുന്ന പദ്ധതിയിൽ കണ്ണൂർ, മലപ്പുറം, ഇടുക്കി എന്നീ ആർ.പി.എം.യുവികളിലായി 191 യൂണിറ്റുകൾ പൂർത്തീകരിക്കുവാനുണ്ട്. എന്നാൽ 2023-24 പ്ലാൻ പദ്ധതിയിൽ ഗാർഹിക കിണറുകൾക്ക് പകരം പൊതുകിണറുകളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനാണ് സർക്കാരിൽ നിന്നും അനുമതി ലഭിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ കണ്ണൂർ RPMU 22-23ൽ target ചെയ്തിരുന്നതിൽ ബാക്കിയുള്ള 21 യൂണിറ്റുകൾ ഡ്രോപ്പ് ചെയ്യുന്നതായി അറിയിച്ചു. ആയതു യോഗം അംഗീകരിച്ചു. മറ്റ് RPMU കളിൽ 31-03-24 നുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയുന്ന സ്കീമുകൾ മാത്രം ഏറ്റെടുത്താൽ മതിയെന്ന് യോഗം തീരുമാനിച്ചു. അത്തരത്തിലുള്ള യൂണിറ്റുകളുടെ എണ്ണം എത്രയെന്ന് 29-2-24 നുള്ളിൽ മലപ്പുറം, ഇടുക്കി RPDമാർ PMUവിൽ അറിയിക്കുകയും വെബ് സൈറ്റിൽ updation വരുത്തുകയും വേണം.
- സുസ്ഥിരത പദ്ധതിയുടെ നിർവഹണത്തിന് 100 ശതമാനവും സർക്കാർ ഫണ്ടാണ് ഉപയോഗിക്കുന്നത്. BG&GP contribution revolving ഫണ്ടായാണ് ഉപയോഗിക്കപ്പെടുന്നത്. അതിന്റെ അർഥം contribtion വേണ്ട എന്നല്ല. അതിന്റെ പേരിൽ നിർവഹണ പ്രവർത്തനം തടസ്സപ്പെടരുത്. contribution ലഭിക്കുന്നതിനുള്ള നടപടികൾ സമാന്തരമായി നടത്തണം. Contribution ഉറപ്പാക്കണം. ഇക്കാര്യത്തിൽ വീഴ്ച വരാതിരിക്കുവാൻ RPDമാർ ശ്രദ്ധിക്കണം. ആവശ്യമായ സാമൂഹ്യ സംഘാടന –ശാക്തീകരണ പ്രവർത്തനങ്ങൾ നടത്തണം.
- മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതിയുടെ പഞ്ചായത്ത് പ്രൊജക്റ്റ് അക്കൗണ്ടിലുള്ള interest amount പഞ്ചായത്ത് എക്സിറ്റ് guideline പ്രകാരം ബി.ജി ഫെഡറേഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണെന്നും. പ്രസ്തുത തുക പഞ്ചായത്തിലെ ജലനിധി പദ്ധതികളുടെ O&M നു വേണ്ടി ഉപയോഗിക്കാനുള്ളതാണെന്നും അറിയിച്ചുകൊണ്ട് പഞ്ചായത്ത് പ്രസിഡന്റിന് കത്ത് നൽകാൻ RPD യോട് നിർദ്ദേശിച്ചു.
- 2024-25 ലെ Plan Preparation workshops ആർ.പി.എം.യു. തലത്തിൽ താഴെ പറയുന്ന തീയതികളിൽ നടത്തുന്നതിനു തീരുമാനിച്ചു.

  കണ്ണൂർ - 2024 ഫെബ്രുവരി 22

  മലപ്പുറം - 2024 ഫെബ്രുവരി 28

  ഇടുക്കി - 2024 മാർച്ച് 2

- ജലനിധി വെബ് സൈറ്റിലെ ഗൂഗിൾ ഷീറ്റിൽ പദ്ധതികൾ സംബന്ധിച്ച ഡാറ്റാ കൃത്യമായിട്ട് അപ്ഡേറ്റ് ചെയ്യുന്നില്ല എന്ന് യോഗം വിലയിരുത്തി. റിവ്യൂ മീറ്റിങ്ങുകളിലും, കത്തുകൾ മുഖേനയും ആർ.പി.എം.യു. ഉദ്യോഗസ്ഥർക്ക് ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടും അതിൽ വീഴ്ച വരുന്നതായാണ് കാണുന്നത്. ഇക്കാര്യം RPDമാർ ഗൌരവമായി മോണിറ്റർ ചെയ്യുകയും, spread sheet-ലെ മുഴുവൻ കോളങ്ങളും കൃത്യതയോടെ update ചെയ്യുന്നുണ്ട് എന്ന് ഉറപ്പാക്കുകയും വേണം. ഇക്കാര്യത്തിൽ ഇനിയും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് എതിരെ നടപടികൾ സ്വീകരിക്കണം.
- ഗ്രേവാട്ടർ മാനേജ്മെന്റ് രംഗത്ത് KRWSA യ്ക്ക് ഫലപ്രദമായി പ്രോജക്ടുകൾ ചെയ്യുവാൻ സാധിക്കും. ഈ രംഗത്ത് നിലവിലുള്ള അവസരങ്ങൾ ഫലപ്രദമായി ഉപയോഗിക്കണം. ഈ രംഗത്തെ ഗവേഷണ സ്ഥാപനമായ CSIR-NIIST യുമായുള്ള MOU 2024 ഫെബ്രുവരി 29 നുള്ളിൽ ഒപ്പിടണം. 23-24 ലെ പ്രോപോസലിന് അനുമതി ലഭിച്ച സാഹചര്യത്തിൽ നടപടികൾ പുരോഗമിച്ചു നിൽക്കുന്ന ഇടുക്കി ജില്ലയിലെ ഈ ഇനത്തിലുള്ള പ്രവർത്തികൾക്കുള്ള ടെണ്ടറുകൾ 2024 ഫെബ്രുവരി 29 നുള്ളിൽ വിളിക്കുന്നതിന് RPD യെ ചുമതലപ്പെടുത്തി.
- JJM പദ്ധതിയിൽ ഉൾപ്പെടുത്തി FHTCകൾ നൽകുന്ന പ്രവൃത്തികളുടെ പ്രോഗ്രസ്സ് മലപ്പുറം യൂണിറ്റിൽ 18% മാത്രമാണ്. ഇക്കാര്യത്തിലുള്ള പുരോഗതി ഇല്ലായ്മയിൽ ED കടുത്ത അതൃപ്തി രേഖപ്പെടുത്തി.ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഇക്കാര്യത്തിലുള്ള വിശദീകരണം ചോദിക്കുന്നതിനു RPDയെ ചുമതലപ്പെടുത്തി.
- KRWSA ക്ക് ലഭിച്ച ASപ്രകാരം പൂർണ്ണമായും അത്രയും എണ്ണം FHTCകൾ നൽകുന്നതിന് KRWSA ക്ക് വിവിധ കാരണങ്ങളാൽ കഴിയുകയില്ല എന്ന് RPDമാർ അറിയിച്ചു. KRWSA പ്രവർത്തികൾ ചെയ്യുന്ന പഞ്ചായത്തുകളിൽ KWAക്ക് ഫുൾ കവറേജ് വരുന്നത്, beneficiaries ഇല്ലാതെ വരുന്നത്, പഞ്ചായത്ത് KWA മുഖേന പദ്ധതി നടപ്പിലാക്കിയാൽ മതിയെന്ന തീരുമാനം എടുത്തിട്ടുള്ളത് എന്നിവയെല്ലാം ഇതിനു കാരണമാണ്. അനുവദിച്ച അത്രയും FHTCകൽ നൽകുന്നില്ല എങ്കിൽ അതിനുള്ള കാരണങ്ങൾ DWSM-

ൽ നൽകി ആയതിനുള്ള തീരുമാനം DWSMനെ കൊണ്ട് RPDമാർ എടുപ്പിക്കണം. DWSMന്റെ തീരുമാനം PMUവിൽ RPDമാർ ലഭ്യമാക്കണം. ആയതനുസരിച്ചുള്ള target and achievements പുതുക്കി ജലനിധി വെബ് സൈറ്റിൽ പ്രത്യേകം ചേർത്തിട്ടുള്ള spread sheet-ൽ RPD മാർ update ചെയ്യണം.

- JJMൽ ഉൾപ്പെടുത്തി കാസറകോട് ജില്ലയിലെ മീഞ്ച, പൈവളിക എന്നീ പഞ്ചായത്തുകളിൽ FHTCകൾ നൽകുന്ന പ്രവൃത്തി യാഥാർത്ഥ്യം ആകണമെങ്കിൽ irrigation department-ന്റെ ചെക്ക് ഡാം നിർമ്മാണവും പൂർത്തീകരിക്കണം എന്ന് കണ്ണൂർ ആർ.പി.ഡി അറിയിച്ചു. എന്നാൽ ഇക്കാര്യത്തിലുള്ള നടപടികൾ പുരോഗമിച്ചിട്ടില്ല. ആയതുകൊണ്ട് ഇക്കാര്യവുമായി ബന്ധപ്പെട്ട ബഹു.ജല വിഭവ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നൽകുന്നതിന് വേണ്ടി ഒരു നോട്ട് തയ്യാറാക്കുന്നതിന് RPDയെ ചുമതലപ്പെടുത്തി. ആവശ്യമായ follow up ടെക്നിക്കൽ വിഭാഗം നടത്തണം.
- DI പൈപ്പിന് വില കൂടുതലായ സാഹചര്യത്തിൽ ആവശ്യത്തിന് കരാറുകാരെ ലഭിക്കാത്ത വിവരം മലപ്പുറം RPMU റിപ്പോർട്ട് ചെയ്തു. ആയതുകൊണ്ട് DI പൈപ്പിനു പകരം MS പൈപ്പ് ഉപയോഗിക്കുവാൻ കഴിയുമോ എന്ന സാധ്യത പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് മലപ്പുറം ആർ.പി.എം.യു. വിലെ ടെക്ക്നിക്കൽ കൺസൾട്ടന്റ് ശ്രീ.മുഹമ്മദ് റാഫി യെ ചുമതലപ്പെടുത്തി. DTയുമായി കൂടി ആലോചിച്ച് ഇക്കാര്യത്തിൽ തുടർ നടപടി കൈക്കൊള്ളണം.
- KRWSA ക്ക് പ്ലാൻ പ്രോഗ്രാമ്മിൽ ലഭിക്കുന്ന തുക പൂർണ്ണമായും വിനിയോഗിക്കണം. ആയതിനു നിലവിൽ പൂർത്തീകരിച്ച മുഴുവൻ പ്രവൃത്തികളുടെയും ബില്ലുകൾ/പ്രോസീടിങ്ങ്സുകൾ എന്നിവ അടിയന്തിരമായി തെയ്യാറാക്കണം. അതോടൊപ്പം ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികൾ speed up ചെയ്തു തുക നൽകാവുന്ന ഘട്ടത്തിൽ എത്തിക്കുന്നതിന് RPMU കൾ ശ്രദ്ധിക്കുകയും വേണം.

യോഗം 5.00 പി.എം. ന് അവസാനിച്ചു.

Signed by
Dr. Dinesan Cheruvat I A S
Date: 23-02-2024 15:11:33

**എക്സിക്യൂട്ടീവ് ഡയറക്ടർ**

# RPMU wise physical status as on 15-02-24

| Sustainability - Back log | |
|---|---|
| RPMU | Commission pending |
| Kannur | Completed |
| Malappuram | 12 |
| Idukki | 2 |

| 22-23 | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | Sustainability | | | RWH | | | Well conversion | | | WQMS | | | Greaywater | | | |
| RPMU | Takenup | Completed | % of completion | Takenup | Completed | % of completion | Takenup | Completed | % of completion | Takenup | Completed | % of completion | Takenup | Completed | % of completion | IEC and R&D |
| Kannur | 78 | 73 | 93.6 | 281 | 281 | 100 | 177 | 156 | 88.14 | 26 | 24 | 92.31 | 2 | 1 | 50 | UC submitted |
| Malappuram | 95 | 72 | 75.8 | 235 | 235 | 100 | 177 | 111 | 62.71 | 15 | 5 | 33.33 | Nil | Nil | Nil | Not submitted |
| Idukki | 84 | 48 | 57.1 | 271 | 208 | 76.75 | 177 | 73 | 41.24 | 34 | 33 | 97.06 | 1 | 1 | 100 | Not submitted |
| **TOTAL** | **257** | **193** | **75.1** | **787** | **724** | **91.99** | **531** | **340** | **64.03** | **75** | **62** | **82.67** | **3** | **2** | **66.66** | |

| 23-24 | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | Sustainability | | | RWH | | | Well conversion | | | GWR | | |
| RPMU | AS | Work Awarded | % of Work Awarded | AS | Tendered | % of Tendered | AS | Tendered | % of Tendered | AS | Tendered | % of Tendered |
| Kannur | 130 | 33 | 25.4 | 25 | 25 | 100 | 200 | 200 | 100 | 9 | 3 | 33.33 |
| Malappuram | 98 | 4 | 4.1 | 75 | 75 | 100 | 74 | 74 | 100 | 6 | 0 | 0 |
| Idukki | 150 | 8 | 5.3 | 600 | 600 | 100 | 109 | 109 | 100 | 4 | 4 | 100 |
| **TOTAL** | **378** | **45** | **11.9** | **700** | **700** | **100** | **383** | **383** | **100** | **19** | **7** | **36.84** |

| JJM | | | |
|---|---|---|---|
| **RPMU** | **Total Tendered** | **Completed ( FHTC+HTC)** | **Percentage of progress** |
| Kannur | 23408 | 7113 | 30.39 |
| Malappuram | 60429 | 10868 | 17.98 |
| Idukki | 27907 | 15854 | 56.81 |
| **Total** | **111744** | **33835** | **30.28** |

## Status of pending bills under various programmes implemented by KRWSA as on 14/02/2024

| | Sustainability Support to Community Managed WS Programme | Scaling up of RWH & GWR Programme | Conversion of Homestead Wells into Protected and sustainable drinking water | Water Quality Monitoring & Grey Water Management | R&D activities in Rural Water Technologies | IEC, Capacity Building and Training & Jalasreeclub | Total |
|---|---|---|---|---|---|---|---|
| **Bills Ready for payment** | | | | | | | |
| RPMU Kaanur | 1,22,03,350.00 | 1,33,66,692.00 | - | 45,18,574.00 | - | - | 3,00,88,616.00 |
| RPMU Malappuram | 1,00,66,188.00 | 62,29,562.00 | - | - | - | - | 1,62,95,750.00 |
| RPMU Idukki | 2,19,05,513.00 | 1,95,32,149.00 | - | 11,06,958.00 | - | - | 4,25,44,620.00 |
| **Sub Total** | **4,41,75,051.00** | **3,91,28,403.00** | **-** | **56,25,532.00** | **-** | **-** | **8,89,28,986.00** |
| **Work completed and bills under process** | | | | | | | |
| RPMU Kaanur | 77,87,211.00 | 49,87,224.00 | - | 12,24,851.00 | - | - | 1,39,99,286.00 |
| RPMU Malappuram | 42,68,333.00 | 85,07,625.00 | - | - | - | - | 1,27,75,958.00 |
| RPMU Idukki | 1,18,86,855.00 | 84,16,486.00 | - | 34,57,164.00 | - | - | 2,37,60,505.00 |
| **Sub Total** | **2,39,42,399.00** | **2,19,11,335.00** | | **46,82,015.00** | **-** | **-** | **5,05,35,749.00** |
| **Anticipated expenditure for work going on** | | | | | | | |
| RPMU Kaanur | 1,28,39,716.00 | 41,81,175.00 | - | 26,34,706.00 | - | - | 1,96,55,597.00 |
| RPMU Malappuram | 2,37,90,701.00 | | - | 5,90,000.00 | - | - | 2,43,80,701.00 |
| RPMU Idukki | 4,32,62,991.00 | 50,51,403.00 | - | 14,27,328.00 | - | - | 4,97,41,722.00 |
| **Sub Total** | **7,98,93,408.00** | **92,32,578.00** | **-** | **46,52,034.00** | **-** | **-** | **9,37,78,020.00** |
| **Total Amount required for implementing the programme** | **14,80,10,858.00** | **7,02,72,316.00** | **-** | **1,49,59,581.00** | **-** | **-** | **23,32,42,755.00** |